14-04-2007
Vol-1,N0:4

*Kerala Catholic Bishop's Council's*

# Commission for Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

പ്രധാന വാർത്തകൾ

01. തടവുകാരുടെ ആത്മീയ ആവശ്യങ്ങൾ നിഷേധിക്കുന്നത് മനുഷ്യാവകാശലംഘനം.
02. ക്രിസ്തുവിനെ കോള കുടിപ്പിച്ച ഇറ്റാലിയൻ ചിത്രത്തിന് വിലക്ക്.
03. കുരിശ് എഴുന്നള്ളിക്കലിന് തിരക്കേറുന്നു.
04. മാനസിക രോഗികളെ വികലാംഗരുടെ പട്ടികയിൽ ഉൾപ്പെടുത്താൻ ശ്രമം.
05. പുരോഹിതനാകുന്നത് എന്തിന് : ജോസഫ് പുലിക്കുന്നേൽ .
06. വൈദികരുടെ പ്രവർത്തനങ്ങൾ ഏകോപിക്കാൻ മാസ്റ്റർ പ്ലാൻ.
07. ആനപ്പകയിൽ ഒരു വർഷത്തിനുള്ളിൽ പൊലിഞ്ഞത് 46 ജീവനുകൾ.
08. 53 ശതമാനം കുട്ടികളും ചൂഷ്ണത്തിനിരയാകുന്നു.
09. കാർഷിക ഇറക്കുമതി നയം ദ്രോഹ കരം.
10. സിസ്റ്റർ അഭയയെ മാനഭംഗപ്പെടുത്തി കൊന്നെന്ന് വെളിപ്പെടുത്തൽ.

## 01. തടവുകാരുടെ ആത്മീയ ആവശ്യങ്ങൾ നിഷേധിക്കുന്നത് മനുഷ്യാവകാശലംഘനം.

ഈസ്റ്റർ ദിനത്തിൽ തിരുവനന്തപുരം സെൻട്രൽ ജയിലിൽ ക്രൈസ്തവരായ തടവുകാർക്ക് പതിവുള്ള വിശുദ്ധ കുർബാന നിഷേധിച്ചു. ഇത്തരത്തിലുള്ള നീക്കം ആസൂത്രിതവും അത് തടവുകാരുടെ മനുഷ്യവകാശത്തിന്മേലുള്ള കടന്നുകയറ്റവുമാണ്. അത് സംസ്ക്കാര സമ്പന്നമായ കേരളത്തിന് ഭൂഷണമല്ല. മനുഷ്യവകാശ കമ്മീഷൻ സ്വമേധയാ കേസ്സെടുത്തത് പ്രശംസാർഹമാണ്.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ സംഘടനയായ ജീസസ്സ് ഫ്രട്ടേണഇറ്റിയുടെ കീഴിൽ കഴിഞ്ഞ ഇരുപത്തിനാലു വർഷമായി ആയിരത്തി അഞ്ഞൂറിൽ പരം വൈദികരും സന്യസ്തരും അല്മായരും കേരളത്തിലെ വിവിധ ജയിലുകളിൽ കഴിയുന്ന തടവുകാരുടെ മാനസീക-സാമൂഹിക നന്മയെ ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നു. ഈ സംഘടനയുടെ പ്രവർത്തനത്തെ രാജ്യത്തെ എല്ലാ സാമൂഹ്യ സേവകരും ഭരണാധികാരികളും അഭിന്ദിക്കുമ്പോഴും പ്രോത്സാഹിപ്പിക്കുമ്പോഴും ഇത്തരത്തിലുള്ള നിരോധനാജ്ഞ അസ്വസ്ഥതകൾ സൃഷ്ടിക്കും. അത് തടവുകാരുടെ നന്മയ്ക്കുവെി ആത്മാർത്ഥമായി പ്രവർത്തക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും മനോധൈര്യത്തെ കെടുത്തുവാൻ കാരണമാകും. മാത്രമല്ല, തടവുകാരുടെ മതപരമായ അവകാശങ്ങൾ ലംഘിക്കുന്നത് മനുഷ്യവകാശലംഘനവുമാണ്. ജിസസ്സ് ഫ്രട്ടേണിറ്റിയുടെ ഭാഗത്തുനിന്നും എതെങ്കിലും വിധത്തിൽ പാകപ്പിഴകൾ സംഭവിച്ചതായി ജയിലധികാരികൾ ഇന്നേവരെ പരാതിപ്പെട്ടിട്ടില്ല. മറിച്ച്, എന്നും അവരുടെ പ്രവർത്തനത്തെ അഭിന്ദിച്ചിട്ടേയുള്ളൂ. പിന്നെ എന്തു കൊാണ് ഇത്തരത്തിലുള്ള നിരോധാജ്ഞ ?

തടവുകാരുടെ മാനസീകാരോഗ്യം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ സംഘടനയുടെ പ്രവ്ർത്തനം ഴഴി ആയിരക്കണക്കിനാളുകളുടെ വ്യക്തിജീവിതത്തിലും സാമൂഹ്യജീവിതത്തിലും സമഗ്രമായ മാറ്റങ്ങൾ സൃഷ്ടിക്കുവാനും തടവിശിക്ഷ കഴിഞ്ഞ് പക്വതയുള്ള ജീവിതം നയിക്കുവാൻ നിരവധി പേരെ സഹായിച്ചിട്ട്.
സംഘടനകളെ ജയിലുകളിൽ പ്രവേശിപ്പിക്കേതില്ല എന്ന ഉത്തരവ് തടവുകാരോട് കാണിക്കുന്ന ക്രൂരതയും അവരുടെ അവകാശത്തിന്മേലുള്ള കടന്നുകയറ്റവുമാണ്. ജയിലുകൾ മനുഷ്യനന്മകളും മൂല്യങ്ങളും നശിപ്പിക്കുവാനുള്ള സ്ഥലമല്ല. മറിച്ച്, തടവുകാരുടെ വ്യക്തിമൂല്യങ്ങളും സാമൂഹ്യനീതിയും അനുസരിച്ച് ജീവിക്കുവാൻ പ്രാപ്തരാക്കേ സ്ഥലമാണ്. തടവുകാരുടെ നന്മയ്ക്കായി പ്രവർത്തിക്കുന്ന സംഘടനകളെ പ്രോത്സാഹിപ്പിക്കുവാൻ

ഭരണാധികാരികളും സാമൂഹ്യപ്രവർത്തകരും മുമ്പോട്ടു വരണം.

02. ക്രിസ്തുവിനെ കോള കുടിപ്പിച്ച ഇറ്റാലിയൻ ചിത്രത്തിന് വിലക്ക്.

ക്രിസ്തു കൊക്കക്കോള കുടിക്കുന്നതായി ചിത്രീകരിച്ച് ഇറ്റാലിയൻ ചിത്രത്തിന് പ്രദർശനവിലക്ക്. ഈസ്റ്റർ വാരത്തിൽ പ്രദർശനത്തിന് തയ്യാറെടുത്ത സെവൻ കിലോമീറ്റർ ഫ്രം ജറുസെലേം എന്ന ചിത്രത്തിനെതിരെ രംഗത്തിനറങ്ങിയത് കൊക്കൊള കമ്പനി തന്നെയാണ്. ഒരു ഇറ്റാലിയൻ പരസ്യ എക്സിക്യൂട്ടിവിന്റെ ആത്മന്വേഷണമാണ് ചിത്രത്തിന്റെ ഇതിവൃത്തം. ആസ്തന്വേഷണത്തിനിടയിൽ ജറുസെലേമിലെത്തുന്ന നായക കഥാപാത്രം ക്രിസ്തുവിനെ കാണുന്നതും ഒരു കാൻ കൊക്കൊള നൽകുന്നതും ക്രിസ്തു അത് കുടികത്കുന്നത് ചിത്രീകരിച്ചിട്ടു്. ചിത്രത്തിൽ നിന്ന് വിവാധ സീൻ മാറ്റണമെന്നാവശ്യപ്പെട്ട് കൊക്കൊള നിർമ്മാതാക്കൾക്ക് കത്തു നൽകി. എന്നാൽ കമ്പനി ഉത്പന്ന പ്രചാരണത്തിനായി ചിത്രമുപയോഗിക്കുകയാണെന്ന് ഇറ്റാലിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

03. കുരിശ് എഴുന്നള്ളിക്കലിന് തിരക്കേറുന്നു.

അന്താരാഷ്ട്ര തീർത്ഥാടന കേന്ദ്രമായ മലയാറ്റൂരിൽ പൊൻകുരിശ് എഴുന്നള്ളഇക്കലിന് തിരക്കേറുന്നു. പ്രസിദ്ധമായ കാഞ്ഞൂർ സെന്റ് മേരീസ് ഫൊറോന പള്ളിയിലെ അമ്പ് എഴുന്നള്ളഇക്കലിന് സമാനമാണ് ഇവിടത്തെ കുരിശ് എഴുന്നള്ളിക്കൽ ചടങ്ങ്. വിശുദ്ധ തോമാസ്ലീഹായുടെ ചിത്രവുമായി ബന്ധപ്പെട്ട് കുരിശിനുള്ള പ്രാധാന്യം കണക്കിലെടുത്താണ് ഈ വർഷം മുതൽ ഈ വഴിപാട് തുടങ്ങിയത്. വിശ്വാസികൾ ഭക്ത്യാദരപൂർവ്വമാണ് കുരിശ് എഴുന്നള്ളിക്കൽ വഴിപാടിനെ സ്വീക്കരിച്ചിട്ടുള്ളത്.

കൊടുങ്ങല്ലൂര് നിന്ന് മദ്രാസിലേക്കുള്ള മലമ്പാതയിലൂടെയുള്ള യാത്രക്കിടയിൽ തോമാസ്ലീഹ മലയാറ്റൂർ മലമുകളിൽ കയറി പ്രാർത്ഥിച്ചു. പ്രർത്ഥന മദ്ധ്യേ തോമാസ്ലീഹ പാറാമേൽ കുരിശു വരച്ചു. ഈ കുരിശിൽ മലവേടന്മാർ കുത്തിയപ്പോൾ രക്തം ഒഴുകിയെന്നും അവിടെ ഒരു സ്വർണ്ണ കുരിശ് മുളച്ചുവെന്നുമാണ് വിശ്വാസം. അന്നു മുതലാണ് മലയാറ്റൂർ കുരിശുമുടിയെന്നറിയപ്പെടുന്ന്ത്. കുരിശുമുടിയിലെ പൊൻകുരിശിന്റെ മാതോകയിലാണ് എഴുന്നള്ളഇക്കാനുള്ള കുരിശുരൂപങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. പള്ളിമുററത്തെ കൽക്കുരിശിന് പ്രദക്ഷിണം വെച്ചാണ് കുരിശ് എഴുന്നള്ളിക്കൽ വഴിപാട് പ്രത്യേകമായ ആഗ്രഹങ്ങൾ സഫലീകരിക്കുന്നതിനും, രോഗങ്ങൾ മാറുന്നതിനും മറ്റുമാണ് ഭക്തർ കുരിശു എഴുന്നള്ളിക്കുന്നത്. കുരിശ് എഴുന്നള്ളഇക്കുന്നതിന് വൻ തിരക്കാണ് നീ നിരയാണ് കുരിശ് എഴുന്നള്ളിക്കുന്നതിന് കു വരുന്നത്.

04. മാനസിക രോഗികളെ വികലാംഗരുടെ പട്ടികയിൽ ഉൾപ്പെടുത്താൻ ശ്രമം.

മാനസിക രോഗികളെ വികലാംഗരുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം നടപ്പായി കിട്ടാൻ സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ശ്രമിക്കുന്നു. കോർപ്പറേഷന്റെ അടുത്ത ബോർഡ് യോഗത്തിൽ ഇതു സംബന്ധിച്ച് നടപടിയൊന്നും ഉാകാത്ത സാഹചര്യത്തിലാണ് കോർപ്പറേഷൻ സർക്കാരിനെ സമീപിച്ചത്. ഇതിൽ ഉടൻ തീരുമാനമുാക്കനാണ് ശ്രമം. വികലാംഗർക്കായി ഏർപ്പെടുത്തിയിട്ടുള്ള പി. ഡബ്ളിയു. ഡി ആക്ടിൽ ഭേദഗതി വരുത്തണമെന്നാണ് കോർപ്പറേഷന്റെ ആവശ്യം.

നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ നടത്തിയ സർവേ സൂചിപ്പിക്കുന്നത് ഇന്ത്യയിൽ ഒരു ലക്ഷം പേരിൽ 105 പേർക്ക് മാനസീക രോഗമുന്നാണ്. പല കാരണങ്ങലാലും രോഗം മറച്ചു വെക്കുന്നവരുടെം എണ്ണം അതിലേറെയാണ്. വികലാംഗരുടെ ചികിത്സയ്ക്കും മറ്റുമായി വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും 140 രൂപയാണ് പെൻഷൻ നൽകുന്നത്. വികലാംഗ ക്ഷേമ കോർപ്പറേഷന്റെ അടുത്ത് ബോർഡ് യോഗത്തിൽ നടക്കുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന-കേന്ദ്രസർക്കാരുകൾക്ക് വിശദമായ നിവേദനവും നൽകും.

05. പുരോഹിതനാകുന്നത് എന്തിന് : ജോസഫ് പുലിക്കുന്നേൽ .

ചങ്ങനാശ്ശേരി സെന്റ് ബർക്കുമെൻസ് കോളജിലെ പ്രിൻസിപ്പാൾ സ്ഥാനം ലഭിക്കാതിരുന്നതിൽ നിരാശനായ ഫാ. ജോസ് സെബാസ്റ്റ്യൻ തെക്കേടം പുരോഹിതവൃത്തി ഉപേക്ഷിച്ചതായി പത്രവാർത്തയുായിരുന്നു.

ഈ സംഭവം വിരൽ ചൂന്നുന്നത് ഒരു വ്യക്തിയിലേക്കല്ല, മറിച്ച് കത്തോലിക്കാസഭയുടെ ഇന്നത്തെ ദൈവവി ളിയെക്കുറിച്ചുള്ള കാഴ്ചപ്പാടിലേക്കാണ്, ആയിരിക്കണം. പുരോഹിതവൃത്തി ഉന്നതങ്ങളിലേക്കുള്ള ചവിട്ടു പടിയായിട്ടാണ് ഇന്ന് മിക്ക പുരോഹിതാർത്ഥികളും കാണുന്നത്. ദൈവവിളി ഇന്ന് മനുഷ്യവിളിയായി തീർന്നി രിക്കുന്നു. വൈദീകനായാൽ ഉന്നതങ്ങളിലേക്കുള്ള വഴി തുറന്ന് കിട്ടുമെന്നും, ആ പടി ചവിട്ടി കയറുന്നതിനു ള്ള വിളിയാണ് ദൈവവിളിയെന്നും വന്നു ചേർന്നിരിക്കുന്നു

അങ്ങനെ പൗരോഹിത്യ വൃത്തിയിലേക്ക് പ്രവേശിക്കുന്ന ഓരോരുത്തരും ഭൗതികമായ ആഗ്രഹങ്ങൾ ഉള്ളിലൊതുക്കുന്നു. എല്ലാം ഉപേക്ഷിച്ച് എന്റെ പിന്നാലെ വരിക എന്ന യേശു കല്പിച്ചു. ഇന്ന് ഭൗതികമായ എല്ലാം നേട്ന്നതിനുള്ള അത്യാഗ്രഹമാണ് പുരോഹിതവൃത്തി സ്വീകരിക്കാൻ പലരെയും പ്രേരിപ്പിക്കുന്നത്. പട്ടം കിട്ടിയാൽ റോമിൽ പോകണം., റോമിൽ നിന്നും തിരിച്ചു വന്നാൽ അരമനയിൽ സ്താനം പിടചിക്കണം., ഫൊറോനാപ്പള്ളി വികാരിയാവണം, വികാരി ജനറാലാകണം, കോളേജ് അധ്യാപകനാകണം എന്നിങ്ങനെ യൊക്കെയുള്ള ചിന്തയാണ് സെമിനാരി പഠന കാലത്ത് വൈദീകാർത്ഥിയുടെ ഹൃദയത്തിൽ വളർന്നു വരുന്ന ത്.

ഇന്ന് പുരോഹിതരാകാൻ പോകുന്നവരുടെ ലക്ഷ്യം ഭൗതികമാണ്. ഇന്ന് സഭയും, സന്ന്യാസ-സന്ന്യാ സിനീ സഭകളും വമ്പിച്ച സാമ്പത്തിക സമ്രാജ്യത്തിൽ ഭരണാധികാരികളാകനാണ് പലരും വൈദീക പട്ടം സ്വീകരിക്കുന്നത്. വൈദീക വിദ്യാഭ്യാത്തിനുശേഷം അമേർക്കയിലും റോമിലും ജർമ്മനിയിലും ഉപരി പഠന ത്തിന് പകുന്നത് ആത്മാവിനെ രക്ഷിക്കാനല്ല; മറിച്ച് , പൗരോഹിത്യത്തിന്റെ സുഖം സാധ്യമല്ല. പല പുരോഹി തരും, ഇവിടെ ഉന്നത സ്ഥാനം കിട്ടുന്നില്ലെങ്കിൽ അമേരിക്കയിലേക്കും ജർമ്മനിയിലേക്കും ചേക്കേറുകയാണ അ., അവിടെ അടിച്ച് പൊളിച്ച് ജീവിക്കാൻ ഒരവസരം. കുർബ്ബാനതൊഴിലുകൊും, പണപ്പിരിവുകൊും എത്ര പണം വേണമെങ്കിലും അവിടെ സമ്പാദിക്കാം എന്നായിരിക്കുന്നു ഇന്നത്തെ അവസ്ഥ.

06. വൈദികരുടെ പ്രവർത്തനങ്ങൾ ഏകോപിക്കാൻ മാസ്റ്റർ പ്ലാൻ.

വൈദീകരുടെ പ്രവർത്തനങ്ങൾ ഏകോപിക്കാനും നിയന്ത്രിക്കാനുമായി എറണാകുളം അങ്ക മാലി അതിരൂപത ഇടവകകൾക്കുവേ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നു. ഇടവകയിലെ നേതൃത്വ മാറ്റങ്ങൾ വികസന പ്രവർത്തനങ്ങൾക്ക് തുടർച്ച നൽകാറില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് ഈ ചുവടുവയ്പ് . പരീക്ഷാണാർത്ഥം എറണാകുളം അങ്കമാലി അതിരൂപതയിലെ 14 ഫൊറോനകളിലെ തെരഞ്ഞെടുത്ത 14 പള ളികളിലാണ് മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നത്. പ്രസ്ബിറ്ററൽ കൗൺസിൽ, വൈദിക യോഗം, ഫൊറോനക ളിലെ മാസ ധ്യാനങ്ങൾ, ഇടവക യോഗങ്ങൾ യോഗങ്ങൾ എന്നിവിടങ്ങളിൽ ചർച്ച ചെയ്താണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഇടവക വികാരി അതിരൂപത നേതൃത്വവുമായി ആലോചിച്ച് വികസന പ്രവർത്തന ങ്ങൾ നടപ്പിലാക്കണമെന്നതാണ് മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. മൂന്നോ അഞ്ചോ വർഷത്തേക്കുള്ള ദീർഘ കാല പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഇടവക സമൂഹത്തിലെ ആരാധനകളിലെ പങ്കാളിത്തം, ഭക്തസംഘടന കളുടെ പ്രവർത്തനങ്ങൽ, കുടുംബ യൂണിറ്റുകൾ, സഹായ നിധികൾ തുടങ്ങിയവ ആസൂത്രൂണത്തിൽ ഉൾപ്പെടു ന്നു്. പെന്തക്കോസ്ത് സഭകളിലേക്കുള്ള കൊഴിഞ്ഞു പുോക്ക് തടയുന്നതിനുള്ള പദ്ധതികളും മാസ്റ്റർ പ്ലാനിലുൾപ്പെടുത്തും. വികാരി, സന്ന്യാസ വൈദികർ, സിസ്റ്റർമാർ, അല്മായർ എന്നിവർക്കുള്ള ചുമതലകൾഢ വിഭജിച്ച് നൽകണമെന്നതാണ് മറ്റൊരു പ്രധാന നിർദ്ദേശം. എല്ലാ ചുലതലകളും വികാരി എറ്റെടുക്കുന്ന പ്രവ ണതയാണ് മിക്ക ഇടവകകളിലും. എന്നാൽ, വൈദികരെയും അല്മായെരെയും ഒന്നിപ്പിച്ചുള്ള ഇടവകയുടെ സമഗ്രവികസനമാണ് മാസ്റ്റർ പ്ലാനിലൂടെ മക്ഷ്യമിടുന്നതെന്ന് അതിരൂപത സഹായ മെത്രാൻ മാർ സെബാ സ്റ്റ്യൻ എടയന്ത്രത്ത് പറഞ്ഞു. പുതിയ വികാരി ചുമതലയേൽക്കുമ്പോൾ, മുൻ വികാരിയുടെ പഠന റിപ്പോർട്ട് പരിശോദിക്കണം. ഇടവക പ്രവർത്തനങ്ങൾ വികാരിയുടെയും ഒരു സംഘം ആളുകളുടെയും പരിപാടിയായി മാറരുത്. എറണാകുളം അതിരൂപതയിൽ ഈ മാസം മുതൽ നടപ്പാക്കുന്ന മാസ്റ്റർ പ്ലാൻ ഭാവിയിൽ മറ്റു രൂപ തകളിലേക്കും വ്യാപിപ്പിക്കാനാണ് ആലോചന.

07. ആനപ്പകയിൽ ഒരു വർഷത്തിനുള്ളിൽ പൊലിഞ്ഞത് 46 ജീവനുകൾ.

ആനപ്പകയിൽ സംസ്ഥാനത്ത് ഒരു വർഷത്തിനുള്ളിൽ പൊലിഞ്ഞത് 46 പേരുടെ ജീവനുകൾ. 2006 ജനുവരി മുതൽ കഴിഞ്ഞ മാർച്ച് വരെയുള്ള കണക്കുകൾ അനുസരിച്ചാണിത്. സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലായി ആനകൾ നടത്തിയ 63 പരാക്രമങ്ങളിലാണ് ഇത്രയധികം പേരുടെ ജീവനുകൾ പൊലിഞ്ഞത്.

41 പാപ്പനാമാരും, അഞ്ചു സാധാരണക്കാരുമാണ് ഇത്തരത്തിൽ മരിച്ചത്. തൃശൂർ ജില്ലയിൽ മാത്രം എഴ് പാപ്പന്മാർ ആനകളുടെ കുത്തേറ്റ് മരിച്ചിട്ടു്. തിരുവനന്തപുരം, ആലപ്പുഴ. എറണാകുളം, പത്തനംതിട്ട, കോട്ടയം പാലക്കാട് ജില്ലകളിലായാണ് ആനകളുടെ ആക്രമണം വർദ്ധിച്ചു വരുന്നത്. യഥാവിധിയുളള പരിചരണ സംവിധാനങ്ങളുടെ അഭാവമാണെന്നാണ് വിദഗ്ദരുടെ വിലയിരുത്തൽ. വേനൽക്കാലത്ത് ടാറിട്ട റോഡുകളിലൂടെയുള്ള യാത്രയും കോൺഗ്രീറ്റ് പ്രതലങ്ങളിലെ നിൽപുമെല്ലാം ആനകളെ ആക്രമകാരികളാക്കുകയാണെന്നും വിദഗ്ദർ ചൂീക്കാട്ടി.

നിലവിൽ ആനകളുടെ സംരക്ഷണ പരിചരണ നിയമമനുസരിച്ച് പാപ്പാൻ, ആനയുടെ ഉടമ എന്നിവർ നൽകുന്ന ആഹാരം, മരുന്ന്, പ്രതിരോധ ചികിത്സകൾ, ജോലി സംബന്ധച്ച വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി വനം അധികൃതരെ അറിയിക്കണമെന്നുങ്കിലും ഇത് നടപ്പിലാക്കാറില്ല.

08. 53 ശതമാനം കുട്ടികളും ചൂഷ്ണത്തിനിരയാകുന്നു.

ഇന്ത്യയിലെ കുട്ടികളിൽ 53 ശതമാനം പേർ ഏതെങ്കിലും രീതിയിൽ ലൈംഗിക ചൂഷണത്തിന് ഇരയാകുന്നുണ്ടെന്ന് സർവ്വേ റിപ്പോർട്ട്. എന്നാൽ ഇവരിൽ ബഹുഭൂരിപക്ഷവും ഇക്കാര്യം പുറത്ത് പറയാറില്ല. സ്വതന്ത്ര ഏജൻസിയായ പ്രേയസ്, യൂണിസെഫ്, സേവ് ദ ചിൽഡ്രൻ ഫ് എന്നിവ ചേർന്നു രാജ്യത്തെ 13 സംസ്ഥാനങ്ങളിൽ നടത്തിയ സർവ്വേയിലാണ് ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തൽ. കേന്ദ്ര വനിതാ ശിശുക്ഷ്മ മന്ത്രി രേണുക ചൗദരിയാണഅ റിപ്പോർട്ട് പുറത്തിറക്കി വിവരങ്ങൾ മാധ്യമപ്രവർത്തകരോട് വെളിപ്പെടുത്തിയത്.

കുട്ടികൾ നേരിടുന്ന ലൈംഗീക ശാരീരിക ചൂഷ്ണങ്ങളും പീഡനങ്ങളുമായിരുന്നു സർവേയിലെ വിഷയം. കുട്ടികളുമായി അടുത്തിടപഴകുന്ന വ്യക്തികളിൽ നിന്നാണ് പലപ്പോഴും ലൈംഗീക ചുഷ്ണമുാകുന്നതെന്ന് റിപ്പോർട്ട് പറയുന്നു. അടുത്ത ബന്ധുക്കൾ തന്നെയാണ് മിക്കവാറും വില്ലന്മാർ. അഞ്ചു മുതൽ പന്ത്രു വയസ്സുവരെയളളവരാണ് ഏറ്റവുമധികം ചൂഷ്ണത്തിനിരയാകുന്നത്. ചെറുപ്രായത്തിലുാകുന്ന ചൂഷ്ണങ്ങളുടെ വ്യാപ്തി കരുതുന്നതിനേക്കാൾ വലുതായിരിക്കുമെന്ന് പറഞ്ഞ മന്ത്രി ഇതു തടയാൻ ഫലപ്രദമായ നിയമങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ശ്രമത്തിലാണ് മന്ത്രാലയമെന്നും അറിയിച്ചു. 13 സംസ്ഥാനങ്ങളിലെ 12,447 കുട്ടികളെ നേരിട്ടു കാണ് റിപ്പോർട്ട് തയ്യാറാക്കിയത്. സർവേയിൽ പങ്കെടുത്തവരിൽ 53 ശതമാനം ഒന്നോ അതിലധികമോ ലൈംഗീക ചൂഷ്ണങ്ങൾക്ക് തങ്ങളിരയായിട്ടുന്ന് വ്യക്തമാക്കി.

ആന്ധ്രപ്രദേശ്, ആസാം, ബീഹാർ, ഡൽഹി എന്നിവിടങ്ങളിലാണ് ഇത്തരം സംഭവങ്ങൾ ഏറെയും. കുട്ടികളെ ചൂഷ്ണം ചെയ്യുന്ന സംഭവങ്ങളിൽ പകുതിയിലേറെയും വേപ്പെട്ടവരും കുട്ടികളുടെ വിശ്വസ്തരുമാണ് പ്രതികൂട്ടിൽ. ശാരീരികമായി പീഡിപ്പിക്കപ്പെടുന്ന കുട്ടികളുടെ എണ്ണവും ഏറെയാണ്. ശാരീരിക പീഡനങ്ങൾക്ക് പെൺകുട്ടികളേക്കാൾ ആൺകുട്ടികളാണ് ഇരയാകുന്നത്. കുട്ടികൾ നേരിടുന്ന ചൂഷ്ണങ്ങളേക്കുറിച്ച് സർക്കാർ മുൻകൈയെടുത്ത് ആദ്യമായിട്ടാണ് ദേശിയലത്തിൽ സർവേ നടത്തുന്നത്. സ്കൂളുകളിൽ 65 ശതമാനം കുട്ടികൾ ശാരീരിക പീഡനത്തിന് ഇരയാകുന്നു്. ബലാത്സംഗം, ലാളന, ബലാത്ക്കാരമായുള്ള ചുംബനം തുടങ്ങിയ രീതികളിലൊക്കെയാണ് ലൈംഗീക ചൂഷ്ണം.

09. കാർഷിക ഇറക്കുമതി നയം ദ്രോഹ കരം.

അയൽ രാജ്യങ്ങളിൽ നിന്ന് ഒരു നിയന്ത്രണവുമില്ലാതെ ഇറക്കുമതി നടത്താൻ കേന്ദ്രസർക്കാർ അനുമതി നൽകിയത് ഇന്ത്യൻ കാർഷിക മേഖലയെ തകർക്കുമെന്ന് ബിഷപ്പ് മാർജോസഫ് കല്ലറങ്ങാട്ട് അഭിപ്രായപ്പെട്ടു. യഥേഷ്ടം ഇറക്കുമതി നടത്താം എന്നു പറയുന്നതിന്റെ പരിണിതഫലം വിളകളുടെ വിലയിടിവും കർഷകരുടെ സാമ്പത്തിക തകർച്ചയുമാണ്. ആഗോളവൽക്കരണത്തിന്റെയും ഉദാരവത്ക്കരണത്തിന്റെയും പേരിൽ 3500 കോടിയുടെ സഹായം പ്രഖ്യാപിച്ചതും ആശ്വാസകരമാണ് -അദ്ദേഹം പറഞ്ഞു.

കേരളത്തിലെ കാർഷിക മേഖല വൻ പ്രതിസന്ധിയിലാണ്. റബർ ഒഴികെ മറ്റു കൃഷികളെ ആശ്രയിക്കുന്ന കർഷകർ നേരിടുന്ന പ്രതിസന്ധി, അവർക്ക് സ്വയമേവ മറികടക്കാൻ കഴിയാത്തതാണ്. തങ്ങലുടെല്ലാത്ത കുറ്റം കൊ് കടക്കെണിയിലായ കർഷകർക്ക് താങ്ങും തുണയുമാകേ സർക്കാരുകളും സാമ്പത്തിക ഏജൻസികളും സ്വീകരിക്കുന്ന നിഷേധാത്മകമായ സമീപനങ്ങലാണ് കാർഷിക മേഖലയിലെ എറ്റവും വലിയ പ്രതിസന്ധി. കർഷക ആത്മഹത്യ അവരുടെ മാത്രമായ കാര്യമല്ല., രാജ്യത്തിന്റെ രാജ്യത്തിന്റെ പ്രശ്ന

മായി അതിനെ എല്ലാവരും കണകാക്കണമെന്ന് ബിഷപ്പ് അഭ്യർത്ഥിച്ചു. വിപണന ഘട്ടത്തിൽ വൻകിട കുത്ത കളുടെയും ഇടത്തട്ടുകാരുടെയും ചൂഷ്ണത്തിനു നിന്നു കൊടുക്കേ അവസ്ഥയാണ് കർഷകർക്കുള്ളത്.

തന്മൂലം അപര്യാപ്തവും അസ്ഥിരവുമാണ് കർഷികോൽപന്നങ്ങളുടെ വില. ഉൽപാദന ചെലവിന്റെ അടിസ്ഥാനത്തിൽ ന്യായവില നിർണയിക്കുന്നതിനുള്ള സംവിധാനമാണ് വേത്. ഈ സുരക്ഷാസംവിധാന മില്ലാത്തിടത്തോളം കാലം കർഷകർക്ക് രക്ഷപ്പെടാനാവില്ലെന്ന് അദ്ദേഹം ചൂികാട്ടി.

10. സിസ്റ്റർ അഭയയെ മാനഭംഗപ്പെടുത്തി കൊന്നെന്ന് വെളിപ്പെടുത്തൽ.

സിസ്റ്റർ അഭയയുടെ മരണത്തെചുറ്റിപ്പറ്റിയുള്ള പ്രചരണങ്ങൾ അവസാനിക്കുന്നില്ല. അരപതിറ്റാിനുശേഷം വീും പുതിയ തെളിവുകളുമായി ഇന്ത്യൻ എക്സ്പ്രസ്സ് രംഗത്തു വന്നു. സിസ്റ്റർ അഭയയെ മാനഭംഗപ്പെടു ത്തിയ ശേഷം കൊന്നതാണെന്ന് അവരുടെ പുതിയ വെളിപ്പെടുത്തൽ. അഭയയുടെ സ്വാകാര്യ ഭാഗത്തെ ധ്രാ വകം, അവിടം തുടച്ച തുണി എന്നിവയുടെ രാസപരിശോധനാഫലം വെട്ടിത്തിരുത്തിയെന്നാണ് പുറത്തു വന്നി ട്ടുള്ള വിവരം. കയ്യെഴുത്ത് പ്രതിയിലാണ് തിരുത്തൽ വരുത്തിയെന്നാണ് പുറത്ത് വന്നിട്ടുള്ള വിവരം. കയ്യെ ഴുത്ത് പ്രതിയിലാണ് തിരുത്തൽ വരത്തിയിരിക്കുന്നത്.

കെമിക്കൽ എക്സാമിനേഷൻ ലാബ് റിപ്പോർട്ടിൽ സിസ്റ്റർ അഭയയുടെ സ്വാകാര്യ ഭാഗത്ത് ബീജ ങ്ങൾ ഉായിരുന്നതായി പറയുന്നു്. കൊല്ലപ്പെടും മുമ്പ് സിസ്റ്ററെ മാനഭംഗപ്പെടുത്തിയിരുന്നെന്നാണ് ഇത് വെളിവാക്കുന്നത്. റിപ്പോർട്ടിൽ നാലിടത്ത് വൈറ്റ്നർ ഉപയോഗിച്ച് മായ്ച്ച് കളഞ്ഞശേഷം പുതിയതായി എഴുതിച്ചേർത്തിട്ടു്. ഇത് മറ്റൊരുതരം മഷികൊാണ്. ഡിറ്റക്റ്റഡ് (കത്തിെയില്ല.) എഴുതിച്ചേർത്തിട്ടു ്. ഒരേ ഒരു വാക്ക് ചേർത്തതോടെ കാര്യങ്ങൾ നേരെ തിരിഞ്ഞു. അഭയയുടെ സ്വാകാര്യ ഭാഗത്തു നിന്ന് കിട്ടിയ ബീജം, അവിടെ തുടച്ച തുണി എന്നിവ 1992 ഏപ്രിൽ 10-ന് ആസിഡ്ഫോസ്ഫേറ്റ് പറിശോധന, ഫ്ളോറൻസ് ബെർബെർക്കോ പരിശോധനകൾ എന്നിവയ്ക്ക് വിധേയമാക്കിയിരിക്കുന്നു. ഇവയിൽ എല്ലാം ഫലം പോസീറ്റീവ് ആയിരുന്നു. ഈ ഫലങ്ങളിലാണ് തിരുത്തൽ വരുത്തിയത്. ആസിഡ് ഫോസ്ഫേറ്റ് പരി ശോധന തികച്ചും പ്രഥാമികമായതിനാൽ ഇതിന്റെ ഫോസീറ്റീവ് ഫലം തിരുത്തിയില്ല. ഫ്രാഥമികമെന്ന് പറഞ്ഞ് തളളാം എന്നതിനാലായിരിക്കാം ഇത്. ബീജം കത്തൊനുള്ള പരിശോധനഫലവും തിരുത്തി ബീജം ക ത്തിയില്ല എന്നാക്കി. റിപ്പോർട്ടിന് അനുബന്ധമായി വിശദമായ മറ്റൊരു റിപ്പോർട്ടും വച്ചിട്ടു് . ഈ റിപ്പോ ർട്ടും സംശയാസ്പദമാണ്. എന്തെന്നാൽ രാസപരിശോധനാ റിപ്പാർട്ടിനൊടുവിൽ ഇത്തരമൊരു റിപ്പോർട്ട് സാധാ രണയായി ചേർക്കാറില്ല.

1992 മാർച്ച് 27-നാണ് കോട്ടയത്തെ പയസ് ടെൻത് കോൺവെന്റിലെ കിണറ്റിൽ അഭയയുടെ മൃത ദേഹം കത്തിെയത്. ലോക്കൽ പോലീസും കൈംബ്രാഞ്ച് അന്വേഷിച്ച കേസ് ഒതുക്കാൻ വലിയ ശ്രമങ്ങ ളാണ് നടന്നിരുന്നത്. ഒടുവിൽ സി. ബി.ഐ കേസ് അന്വേഷിച്ചു. ഇതിനിടെ സി. ബി. ഐ ഡിവൈ. എസ്. പി വർഗീസ്, പി. തോമസ് കേസ് ഒതുക്കാനുള്ള സമ്മർദ്ദങ്ങളിൽ പ്രതിഷേധിച്ച് രാജിവെയ്ക്കുകയും ചെയ്തു. അഭയ ആത്മഹത്യ ചെയ്തതാണെന്ന കൈംബ്രാഞ്ചിന്റെ കത്തെൽ തന്നെയാണ് സി. ബി.ഐയും മൂന്നോ ട്ടുവട്ടത്. എന്നാൽ, കോടതി ഉത്തരവിനെത്തുടർന്ന് സി. ബി. ഐ കേസ് വീും അന്വേഷിച്ചു വരികയാണ്.